കെ.ടി ഹുസൈൻ

# സ്വത്വസംരക്ഷണം: ഇസ്‌ലാമിക വായന

സ്വത്വം വ്യക്തിയെ/സമൂഹത്തെ തിരിച്ചറിയാനുള്ള അടയാളങ്ങളിലൊന്നാണ്. സ്വത്വത്തെ നിർണയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ഭൗതികമോ ജീവശാസ്ത്രപരമോ ആയ പലതരം മാനദണ്ഡങ്ങളുണ്ട്. പുരുഷൻ, സ്ത്രീ, ഗോത്രം, വംശം തുടങ്ങിയവയെല്ലാം വ്യക്തിയുടെ/സമൂഹത്തിന്റെ സ്വത്വം രൂപപ്പെടുത്തുകയും നിർണയിക്കുകയും ചെയ്യുന്ന ചില അടിസ്ഥാന ഘടകങ്ങളാണ്. പക്ഷേ ഇവയെല്ലാം സ്വത്വരൂപീകരണത്തിന്റെ ജീവശാസ്ത്രപരമോ നരവംശപരമോ ആയ മാനദണ്ഡങ്ങൾ മാത്രമാണ്. അതുകൊണ്ടു തന്നെ അവയുടെ രൂപീകരണത്തിലോ നിർണയത്തിലോ മനുഷ്യേച്ഛക്ക് യാതൊരു പങ്കുമില്ല. ഒരാൾ പുരുഷനോ സ്ത്രീയോ ആയി ജനിക്കുന്നതും പാശ്ചാത്യനോ പൗരസ്ത്യനോ ആകുന്നതും മനുഷ്യന്റെ സ്വയം തീരുമാന പ്രകാരമല്ല. പ്രകൃതിപരമോ ദൈവികമോ ആയ ഇടപെടലുകളാണ് അവയെ നിർണയിക്കുന്നത്.

അങ്ങനെയെങ്കിൽ, ഇത്തരം സ്വത്വങ്ങളുടെ പേരിലുള്ള മേലാള, കീഴാള വിഭജനത്തിനോ അടിച്ചമർത്തലുകൾക്കോ ഇരു വിഭാഗങ്ങൾക്കുമിടയിലെ ശത്രുതയെയും വിദ്വേഷത്തെയും സ്വയം ശാക്തീകരണത്തിനും സംഘാടനത്തിനും അടിത്തറയാക്കുന്നതിനോ എന്തെങ്കിലും യുക്തിയും പ്രസക്തിയുമുണ്ടോ? സ്വത്വം ഒരു വലിയ രാഷ്ട്രീയ പ്രശ്നമായി ഉയർത്തപ്പെടുകയും സ്വത്വസംരക്ഷണവും പ്രതിരോധവും പലതരം അതിവാദങ്ങളായും വിദ്വേഷ പ്രചാരണമായും രൂപാന്തരപ്പെടുകയും ചെയ്യുന്ന വർത്തമാനകാലത്ത് ഇത്തരമൊരു വിചാരപ്പെടലിന് വലിയ പ്രസക്തിയുണ്ട്.

ലിംഗപരമോ വംശീയമോ ആയ പലതരം സ്വത്വമുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. ജീവശാസ്ത്രപരമായ ചില പ്രത്യേകതകളാണ് സ്ത്രീയെ സ്ത്രീയും പുരുഷനെ പുരുഷനുമാക്കിത്തീർക്കുന്നത്. ഈ പ്രത്യേകതകൾ താൽപര്യപ്പെടുന്ന വ്യത്യസ്തമെങ്കിലും പരസ്പര പൂരകമായ ധർമങ്ങളാണ് ഇരുവർക്കും നിർവഹിക്കാനുള്ളത്. ഈ പ്രത്യേകതകളും ധർമങ്ങളും ഒരിക്കലും വെച്ചു മാറുക സാധ്യമല്ല. സ്ത്രീപുരുഷന്മാരുടെ ശരീരപ്രകൃതിയിലെ വ്യത്യാസം ഈ വ്യത്യസ്ത ധർമങ്ങൾ നിർവഹിക്കാൻ ഇരു കൂട്ടരെയും പര്യാപ്തമാക്കുംവിധമാണ്. സ്ത്രീക്കും പുരുഷനും നിർവഹിക്കാനുള്ള ഈ ധർമം വ്യക്തിപരമെന്നതിലുപരി സാമൂഹികമാണ്. തലമുറകളുടെ സൃഷ്ടിപ്പും അതുവഴി സംസ്കാര നാഗരികതകളുടെ നൈരന്തര്യം ഉറപ്പിക്കലുമാണ് സ്ത്രീക്കും പുരുഷനും ഒരുമിച്ച് നിർവഹിക്കാനുള്ള സാമൂഹിക ധർമങ്ങളിൽ പ്രധാനം. ഇത് നിർവിഘ്നം നിർവഹിക്കപ്പെടണമെങ്കിൽ സ്ത്രീ/പുരുഷ ദ്വന്ദങ്ങൾക്കിടയിലെ ശത്രുതയല്ല സഹകരണമാണ് ആവശ്യമായിട്ടുള്ളത്. പക്ഷേ, തന്നിൽ നിക്ഷിപ്തമായ ധർമങ്ങൾ നിർവഹിക്കാൻ സഹായകമായ വിധത്തിൽ സ്ത്രീയെ അപേക്ഷിച്ച് പുരുഷന് കൂടുതലായി നൽകപ്പെട്ട മാനസികവും ശാരീരികവുമായ കഴിവുകളെ സ്ത്രീയുടെ മേൽ അധികാരം പ്രയോഗിക്കാനും അധീശത്വമുറപ്പിക്കാനും വിനിയോഗിക്കപ്പെടുമ്പോഴാണ് പുരുഷാധിപത്യ പ്രവണതകൾ പിറവിയെടുക്കുന്നത്. പുരുഷ സ്വത്വത്തിന്റെ തെറ്റായ ഒരു പ്രയോഗമാണിത്. മനുഷ്യന്റെ ഇതഃപര്യന്തമുള്ള ചരിത്രാനുഭവങ്ങളിൽ ഏറിയും കുറഞ്ഞും ഈ പുരുഷാധിപത്യ പ്രവണതകൾ ദൃശ്യമായിട്ടുണ്ട്.

ജാതീയവും വംശീയവുമായ സ്വത്വങ്ങളുടെ അവസ്ഥയും ഇതുപോലെ ത്തന്നെ. ഒരു പക്ഷേ ചരിത്രത്തിൽ ഏറ്റവും ക്രൂരമായ അധികാര പ്രയോഗങ്ങളും അടിച്ചമർത്തലുകളും നടന്നിട്ടുള്ളത് ജാതീയവും വംശീയവുമായ സ്വത്വങ്ങളുടെ പേരിലായിരിക്കും. തങ്ങൾ കുലീന ജാതിയിലോ വംശത്തിലോ പിറന്നവരായതുകൊണ്ട് എന്നെന്നും ഭരിക്കാനും വാഴാനും അധികാരപ്പെട്ടവരാണെന്ന ഒരു വിഭാഗത്തിന്റെ ബോധ്യമാണല്ലോ ചരിത്രത്തിലെ എല്ലാ അടിച്ചമർത്തലുകൾക്കും മുഖ്യപ്രേരണയായി വർത്തിച്ചത്. പൗരാണികകാലത്തെ ഫറോവയുടെയും ആധുനികകാലത്തെ സാമ്രാജ്യത്വവാദികളുടെയും അധീശത്വ മനോഭാവത്തെ ത്രസിപ്പിക്കുന്ന വികാരവും വംശീയ സ്വത്വബോധമാണ്.

ഇപ്രകാരം സ്വത്വത്തിന്റെ പേരിൽ ഇക്കാലമത്രയും അധികാരം കൈയടക്കുകയും മേധാവിത്വം പുലർത്തുകയും ചെയ്ത വിഭാഗങ്ങൾക്കെതിരെ അവർ കീഴാളരെന്ന് മുദ്രകുത്തി അപരവത്കരിച്ചിരുന്ന ജനവിഭാഗങ്ങളിൽനിന്ന് ചെറുത്തുനിൽപുകളും പ്രതിരോധവും ഉയർന്നുവരികയും അതിന് ബലം നൽകുന്ന വിധം സിദ്ധാന്ത രൂപീകരണം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതാണ് പുതിയ കാലത്തിന്റെ ഒരു സവിശേഷത. സ്ത്രീവാദം, ദലിത്, ആദിവാസി, പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്ന വിവിധതരം സംഘടനകൾ എല്ലാം അടങ്ങുന്ന നവ സാമൂഹികപ്രസ്ഥാനങ്ങളുടെ വർധിച്ചുവരുന്ന ഇടപെടലുകൾ ഈയൊരു പ്രവണതയെയാണ് അടയാളപ്പെടുത്തുന്നത്. മുസ്‌ലിം സാമുദായികതയുടെ പക്ഷത്തുനിന്ന് ഉയർത്തപ്പെടുന്ന ചില അതിവാദങ്ങളും ഇതേ പ്രവണതയുടെ ഭാഗമായി കാണേണ്ടവയാണ്. ഇത്തരമൊരു പ്രശ്ന പരിസരത്താണ് സ്വത്വ രാഷ്ട്രീയം നമ്മുടെ സാംസ്കാരിക മണ്ഡലത്തിലെ ചൂടുള്ള ചർച്ചാവിഷയമായിത്തീരുന്നത്.

നൂറ്റാണ്ടുകളായി അപരത്വം അടിച്ചേൽപിക്കപ്പെട്ട വിഭാഗത്തിൽനിന്ന് മർദകർക്കെതിരെയുള്ള ഒരെതിർശബ്ദമെന്ന നിലക്ക് ഈ പ്രവണതകളോട് മനുഷ്യസ്നേഹികൾക്ക് സ്വാഭാവികമായും അനുഭാവമുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന വൈരുധ്യങ്ങളെ മറച്ചുവെക്കാൻ കഴിയാത്തവിധം മാന്തി പുറത്തിട്ടു എന്നത് ഈ പ്രവണതകളുടെ നേട്ടമായി അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. പക്ഷേ, മേലാളരെന്ന് സ്വയം കരുതുന്നവർ ചെയ്തപോലെതന്നെ, മനുഷ്യന് തെരഞ്ഞെടുപ്പിന് സ്വാതന്ത്ര്യമില്ലാത്ത ജീവശാസ്ത്രപരമോ നരവംശപരമോ ആയ സ്വത്വത്തെ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രമാക്കുകയും അപരസ്വത്വങ്ങളോടുള്ള വെറുപ്പും വിദ്വേഷവും സ്വയം ശാക്തീകരണത്തിനും സംഘാടനത്തിനും

ഉപകരണമോ ഇന്ധനമോ ആക്കുകയും ചെയ്തുവെന്നതാണ് ഈ നവസമൂഹിക പ്രസ്ഥാനങ്ങളിൽ മിക്കതിനും സംഭവിച്ച ഏറ്റവും വലിയ അബദ്ധം. പ്രകൃതിയുടെ സന്തുലിതത്വവും മനുഷ്യബന്ധങ്ങളുടെ ജൈവികതയും നിലനിർത്തുന്ന സഹകരണം എന്ന മൂല്യത്തെ പാടെ വിസ്മരിച്ച് ശത്രുതയും പകയും മാത്രം പകരം വെക്കപ്പെടുന്നതിന്റെ സാമൂഹിക പ്രത്യാഘാതം എത്ര മാരകമാണെന്ന് അവർ തിരിച്ചറിയാതെ പോവുകയും ചെയ്തു.

സ്ത്രീകളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ സ്ത്രീപക്ഷത്തുനിന്നുള്ള പോരാട്ടങ്ങൾക്ക് തീർച്ചയായും പ്രസക്തിയുണ്ട്. കാരണം അവകാശം ആരുടേതായാലും പോരാട്ടത്തിലൂടെയല്ലാതെ വകവെച്ച് കിട്ടിയ ചരിത്രമില്ല. കുടുംബം ജനാധിപത്യപരമാകണമെന്ന സ്ത്രീവാദികളുടെ ആവശ്യവും ന്യായം തന്നെ. കാരണം അഭിപ്രായ സ്വാതന്ത്ര്യത്തിന് ഇടമില്ലാത്ത യാതൊരു മനുഷ്യബന്ധങ്ങളും സർഗാത്മകമാവുകയില്ല. എന്നാൽ ഈ പരിധിയെല്ലാം വിട്ട് പുരുഷൻ എന്ന അപരനോട് ശത്രുതയും വിദ്വേഷവും പുലർത്തുകയും സ്ത്രീകളുടെ ജൈവികമായ ധർമത്തെയും പ്രത്യേകതകളെയും കുടഞ്ഞ് തെറിപ്പിക്കുകയും ചെയ്താൽ മാത്രമേ സ്ത്രീ ശാക്തീകരിക്കപ്പെടുകയുള്ളൂ എന്ന ചിന്തയാണ് ഇന്ന് പല നവീന ഫെമിനിസ്റ്റുകളെയും അവരുടെ കൂട്ടായ്മകളെയും നയിക്കുന്നത്. പുരുഷ വിദ്വേഷം ഉച്ചത്തിൽ മുഴക്കിക്കൊണ്ടുതന്നെ സാധ്യമാകുന്നത്ര പുരുഷനാകാൻ ശ്രമിക്കുക എന്ന വൈരുധ്യത്തിലാണ് ഇത് ഫെമിനിസ്റ്റുകളെ കൊണ്ടെത്തിച്ചിരിക്കുന്നത്. തങ്ങൾ ശക്തമെന്ന് കരുതുന്ന ഒരപരത്തോടുള്ള വിദ്വേഷവും പകയും സ്വയം ശാക്തീകരണത്തിന് ഇന്ധനമാകുന്ന ഏതൊരു സംരംഭവും ഇങ്ങനെ അതേ അപരത്താൽ സ്വാധീനിക്കപ്പെടുക സ്വാഭാവികമാണ്.

ചെറുത്തുനിൽപിന്റെയും പ്രതിരോധത്തിന്റെയും പേരിലായാൽ പോലും സ്വത്വവാദപരമായ സിദ്ധാന്തങ്ങളുടെയും പ്രവർത്തനങ്ങളുടെയും മറ്റൊരു പ്രധാന അപകടം അധീശത്വമോഹവും മേധാവിത്വ തൃഷ്ണയും ഉള്ളിൽ വഹിക്കുന്നുവെന്നതാണ്. അപര സ്വത്വങ്ങളോടുള്ള വെറുപ്പും ശത്രുതയും സ്വന്തം സ്വത്വ രൂപീകരണത്തിനും സ്വയം ശാക്തീകരണത്തിനും ഉപകരണമാക്കുക വഴി അവർക്ക് അധികാരം ലഭിച്ചാൽ മുമ്പ് ഏതൊരു രീതിയിലാണോ തങ്ങൾ അധികാര പ്രയോഗങ്ങൾക്കിരയായത് അതേ രീതിയിൽ അവർ മറുഭാഗത്തെയും ഇരയാക്കുമെന്നത് വെറുമൊരു ആശയമല്ല, ചരിത്രാനുഭവമാണ്. അധികാര പ്രയോഗത്തിൽനിന്ന് മറുചേരിക്ക് ഒരിക്കലും രക്ഷപ്പെടാനാവില്ല എന്നതാണ് ഈ തരംതിരിവിന്റെ ഏറ്റവും വലിയ അപകടം. വെളുത്തവന്റെ മേധാവിത്വം നിലനിൽക്കുമ്പോൾ കറുത്തവർക്ക് വെളുത്തവരാകാൻ കഴിയാത്തതുപോലെ, കറുത്തവന്റെ മേധാവിത്വം നിലനിൽക്കുമ്പോൾ വെളുത്തവർക്ക് കറുത്തവരാകാനും കഴിയില്ല. തെരഞ്ഞെടുപ്പിന് സ്വാതന്ത്ര്യമില്ലാത്ത, ലിംഗപരമോ വംശീയമോ ആയ സ്വത്വങ്ങളുടെ പേരിലുള്ള സംഘർഷങ്ങളും വടംവലികളും അവസാനിക്കാത്ത രക്തച്ചൊരിച്ചിലും കുഴപ്പങ്ങളും മാത്രമേ സമ്മാനിക്കൂ.

അപരത്തോടുള്ള വെറുപ്പ് എന്ന നിഷേധാത്മക മൂല്യമല്ലാതെ യാതൊന്നും ഉൽപാദിപ്പിക്കാൻ കഴിയില്ല എന്നതാണ് ലിംഗപരമോ വംശീയമോ ആയ സ്വത്വവാദങ്ങളുടെ അടിസ്ഥാന പരിമിതി. അതുകൊണ്ടുതന്നെ വിദ്വേഷത്തേക്കാളും ശത്രുതയേക്കാളും സഹകരണവും രഞ്ജിപ്പും താൽപര്യപ്പെടുന്ന സാമൂഹിക നിർമിതിക്ക് ഇത്തരം സ്വത്വവാദങ്ങൾ യാതൊന്നും സംഭാവന ചെയ്യുന്നില്ല.

ജീവശാസ്ത്രപരവും നരവംശ ശാസ്ത്രപരവുമായ സ്വത്വവൈവിധ്യങ്ങളെ ഒരു യാഥാർഥ്യമായി ഇസ്‌ലാമും അംഗീകരിച്ചിട്ടുണ്ട്. പക്ഷേ, അതിനെ വിദ്വേഷ പ്രചാരണത്തിനും ശത്രുതക്കും ഉപകരണമാക്കുന്നതിനെയും സംഘാടനത്തിനും സ്വയം ശാക്തീകരണത്തിനും അടിത്തറയാക്കുന്നതിനെയും അത് ശക്തിയായി വിലക്കുന്നു. ഖുർആന്റെ വീക്ഷണത്തിൽ ഇത്തരം സ്വത്വവൈവിധ്യങ്ങൾ ദൈവനിശ്ചയവും അതിന് പിറകിലെ യുക്തി; ആളുകൾ പരസ്പരം തിരിച്ചറിയപ്പെടുകയുമാണ്. അതേസമയം മനുഷ്യന് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ളതും വളർത്താനും വികസിപ്പിക്കാനും കഴിയുന്നതും മനുഷ്യരുടെ സംഘാടനത്തിന് അടിത്തറയാകേണ്ടതുമായ മറ്റൊരു സ്വത്വത്തെ ഖുർആൻ പരിചയപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആദർശവും മൂല്യവുമാണത്.

"മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചത്. നിങ്ങളെ വിവിധ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങളന്യോന്യം തിരിച്ചറിയാനാണ്. അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റവും ആദരണീയൻ നിങ്ങളിൽ കൂടുതൽ ഭക്തിയുള്ളവരാണ്" (49:13).

സ്ത്രീ/പുരുഷൻ, വംശം/ഗോത്രം തുടങ്ങിയ വ്യത്യസ്ത സ്വത്വങ്ങൾ അന്യോന്യം തിരിച്ചറിയപ്പെടുന്നതിന് ദൈവത്താൽ രൂപപ്പെടുത്തപ്പെട്ടതാണെന്നും മനുഷ്യരുടെ ഇടയിലും അല്ലാഹുവിന്റെ അടുത്തും മനുഷ്യനെ സവിശേഷമാക്കുന്ന യഥാർഥ സ്വത്വം അവന്റെ ആദർശവും മൂല്യബോധവുമാണെന്നാണ് ഈ സൂക്തത്തിൽനിന്ന് വെളിപ്പെടുന്നത്. ഈ ആദർശവും മൂല്യബോധവും ആർജിച്ച കൂട്ടായ്മയാണ് മുസ്‌ലിംകൾ. അപ്പോൾ ഒരു മുസ്‌ലിമിനെ സ്ഥാനപ്പെടുത്തുകയും അടയാളപ്പെടുത്തുകയും ചെയ്യുന്ന അവന്റെ സ്വത്വം ജാതീയമോ വംശീയമോ അല്ല; ആദർശപരമാണ്. ലിംഗപരമോ വംശീയമോ ആയ സ്വത്വങ്ങളിൽനിന്ന് ഈ ആദർശസ്വത്വത്തെ ഭിന്നമാക്കുന്ന ഏറ്റവും വലിയ സവിശേഷത അത് ആർജിതവും തന്നിഷ്ട പ്രകാരം വളർത്താനും വികസിപ്പിക്കാനും കഴിയുന്നതുമാണ് എന്നതാണ്. ഈ സ്വത്വവികാസം ഏറ്റവും പൂർണതയിലെത്തുന്നത് അത് ആർജിച്ചവർ ഒരു കൂട്ടായ്മയിലൂടെ മനുഷ്യരാശിക്കുവേണ്ടി നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുമ്പോഴാണ്.

"ജനങ്ങൾക്കുവേണ്ടി നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്ന ഉത്തമ സമുദായമാണ് നിങ്ങൾ" (ഖുർആൻ).

ഇസ്‌ലാമികമായ സ്വത്വ വികാസത്തിന്റെ ഏറ്റവും ഉയർന്ന വിതാനം തൊട്ടുകാണിക്കുന്നതോടൊപ്പം ഒരു മുസ്‌ലിം എന്തിനുവേണ്ടി സംഘടിക്കണം എന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുക കൂടി ചെയ്യുന്നു ഈ സൂക്തം. ലിംഗപരമോ വംശീയമോ ആയ സ്വത്വവാദി കൂടുതൽ കൂടുതൽ സ്വന്തത്തിലേക്ക് ചുരുങ്ങുകയും അപരത്തോടുള്ള ശത്രുതയും വിദ്വേഷവും സ്വയം ശാക്തീകരണത്തിനും സംഘാടനത്തിനും അടിത്തറയാക്കുകയും ചെയ്യുമ്പോൾ ഇസ്‌ലാമിക സ്വത്വവാദി വിശാലമായ ലോകത്തിലേക്ക് കണ്ണുകളയക്കുകയും മുഴുവൻ മനുഷ്യരാശിയുടെയും ശാക്തീകരണം ജീവിതദൗത്യമായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചേടത്തോളം ആരോടെങ്കിലുമുള്ള ശത്രുതയോ പകയോ അല്ല സംഘാടനത്തിനുള്ള ഇന്ധനം; മനുഷ്യരോടുള്ള സഹാനുഭൂതിയും ഗുണകാംക്ഷയുമാണ്. മുസ്‌ലിംകൾ ഈ അർഥത്തിലുള്ള യഥാർഥ സ്വത്വം ഉയർത്തിപ്പിടിച്ച ചരിത്രസന്ദർഭങ്ങളിലൊക്കെ സമൂഹത്തിലും ചരിത്രത്തിലും അവരുടെ അടയാള മുദ്രകൾ പതിയുകയും അവരുടെ ആദർശ സ്വത്വത്തിന്റെ ഉജ്ജ്വല ശോഭ വേണ്ടവിധം തിരിച്ചറിയപ്പെടുകയും ചെയ്തിട്ടുണ്ട്. അംബര ചുംബികളായ കെട്ടിടങ്ങളോ പ്രേമത്തിന്റെ അനശ്വരഗീതം പൊഴിക്കുന്ന സ്മാരകങ്ങളോ അല്ല അത്. മറിച്ച് എല്ലാ വിഭാഗം മനുഷ്യരുടെയും നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടി പോരാടിയതിന്റെ ജീവിതസാക്ഷ്യങ്ങളാണത്. കരുത്തനും ഉഗ്രപ്രതാപിയുമായ റുസ്തമിന്റെ കൊട്ടാരത്തിൽ ഏകനായി കടന്നുചെന്ന് മനുഷ്യരെ അനീതിയിൽനിന്നും

പാരതന്ത്ര്യത്തിൽനിന്നും പ്രപഞ്ചത്തോളം വിശാലമായ സ്വാതന്ത്ര്യത്തിലേക്കും നീതിയിലേക്കും കൈപിടിച്ച് കൊണ്ടുപോകാനാണ് ഞാൻ വന്നത് എന്ന് പ്രഖ്യാപിക്കാൻ രിബ്ഇയ്യുബ്നു ആമിറിന് ധൈര്യം നൽകിയത് ഈ ഇസ്‌ലാമികമായ സ്വത്വത്തിന്റെ കരുത്താണ്.

ബാഹ്യവും ആഭ്യന്തരവുമായ കാരണങ്ങളാൽ മുസ്‌ലിമിന്റെ ഇസ്‌ലാമികമായ സ്വത്വം പല ചരിത്ര സന്ദർഭങ്ങളിലും ശക്തിയായി വെല്ലുവിളിക്കപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കത്തിൽ മുസ്‌ലിംകൾക്ക് തങ്ങളുടെ യഥാർഥ സ്വത്വത്തെ കുറിച്ച തിരിച്ചറിവ് നഷ്ടപ്പെട്ടതും മുസ്‌ലിം എന്നത് കേവലം ജാതീയമോ വംശീയമോ ആയ സ്വത്വം മാത്രമായി അവർ സ്വയംതന്നെ തങ്ങളെ വിലയിടിച്ച് മനസ്സിലാക്കാൻ തുടങ്ങിയതുമാണ് ആഭ്യന്തരമായ കാരണങ്ങളിൽ പ്രധാനം. ബാഹ്യവും വൈദേശികവുമായ കടന്നാക്രമണങ്ങൾ സംഭവിച്ചത് പലപ്പോഴും ഈ ആഭ്യന്തര സ്വത്വ പ്രതിസന്ധിയുടെ തുടർച്ചയായിട്ടായിരുന്നു എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ടുതന്നെ ബാഹ്യവും വൈദേശികവുമായ ഈ കടന്നാക്രമണങ്ങൾക്കെതിരെ സ്വത്വ സംരക്ഷണാർഥം നടത്തപ്പെട്ട പ്രതിരോധ സംരംഭങ്ങളിൽ ദിശാബോധമുള്ളതും ദിശാബോധമില്ലാത്തതും നമ്മുടെ ഗതകാല ചരിത്രാനുഭവങ്ങളിലുണ്ട്. മുസ്‌ലിം സ്വത്വം എന്നത് സാമുദായികമോ ജാതീയമോ ആണ് എന്ന അബദ്ധ ധാരണയോടു കൂടി നടത്തപ്പെടുന്ന ഏതൊരു പ്രതിരോധ നടപടികളും ദിശാബോധമുള്ളതോ ഇസ്‌ലാമിന്റെ ശരിയായ പ്രതിനിധാനമോ ആവുകയില്ല. പകരം അത് സാമുദായികമോ വംശീയമോ ആയി മാത്രമേ തിരിച്ചറിയപ്പെടുകയുള്ളൂ. അതേസമയം മുസ്‌ലിം സ്വത്വം ആദർശപരമാണെന്ന തിരിച്ചറിവോട് കൂടിയ പ്രതിരോധ ഇടപെടലുകൾ തീർച്ചയായും ഇസ്‌ലാമിന്റെ ശരിയായ പ്രതിനിധാനത്തെയാണ് അടയാളപ്പെടുത്തുക. ജനങ്ങൾക്കുവേണ്ടി നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്ന ഉത്തമ സമുദായം എന്ന മുസ്‌ലിമിന്റെ യഥാർഥ നിലയുടെ വീണ്ടെടുപ്പാണ് ഇത്തരം പ്രതിനിധാനത്തെ സാധ്യമാക്കുന്നത്. നിർഭാഗ്യവശാൽ ദിശാബോധത്തോടുകൂടിയ ഇത്തരം പ്രതിനിധാനങ്ങൾ സ്വത്വ സംരക്ഷണത്തിന്റെ ഭാഗമായി അപൂർവമായി മാത്രമേ ഗതകാല ചരിത്രത്തിൽ സംഭവിച്ചിട്ടുള്ളൂ. മിക്കപ്പോഴും സംഭവിച്ചത് ദിശാബോധമില്ലാത്ത പ്രതിരോധ നടപടികളാണ്. മുസ്‌ലിം എന്നത് വർഗീയമോ സാമുദായികമോ ആയ സ്വത്വമാണെന്ന് അത്രയെളുപ്പം മായ്ച്ചുകളയാനാകാത്ത വിധം പൊതുബോധത്തിൽ ഉറപ്പിക്കപ്പെട്ടതിന് അതും കൂടി കാരണമായിട്ടുണ്ടെന്ന് അംഗീകരിക്കാതിരുന്നിട്ട് കാര്യമില്ല.

ഇന്ത്യൻ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അവരുടെ ചരിത്രത്തിലെ ഏറ്റവും ഭീഷണമായ സ്വത്വപ്രതിസന്ധിയെ മുഖാമുഖം കണ്ട ചരിത്ര സന്ദർഭം ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടമായിരുന്നു. സ്വാഭാവികമായും ആ കാലഘട്ടത്തിൽ സ്വത്വ സംരക്ഷണാർഥം പലതരം പ്രതിരോധ സംരംഭങ്ങളും ചെറുത്തുനിൽപുകളും അരങ്ങേറുകയുണ്ടായി. അതിന് നേതൃത്വം നൽകുകയും അതിൽ പങ്കാളിത്തം വഹിക്കുകയും ചെയ്തവരുടെ ആത്മാർഥതയും ഉദ്ദേശ്യശുദ്ധിയും നൂറ് ശതമാനവും അംഗീകരിച്ചുകൊണ്ടുതന്നെ, അവയെയും അതിന്റെ പ്രത്യാഘാതങ്ങളെയും ഇസ്‌ലാമികമായ മാനദണ്ഡങ്ങളിൽ പുനർവിചാരണ ചെയ്യപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ വർത്തമാന കാലത്ത് മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന സ്വത്വ പ്രതിസന്ധിയെ അതിജീവിക്കാൻ പര്യാപ്തമായ പ്രതിരോധ നടപടികൾ എന്ത് എന്നതിനെക്കുറിച്ച ശരിയായ തിരിച്ചറിവ് ലഭിക്കുകയുള്ളൂ. ഈ രംഗത്ത് ചില അതിവാദങ്ങൾ ശ്രദ്ധ നേടിക്കൊണ്ടിരിക്കെ വിശേഷിച്ചും ഇത്തരം പുനർവിചാരണ പ്രസക്തമാണ്.

സർ സയ്യിദ് അഹ്മദ് ഖാൻ രൂപം കൊടുത്ത അലീഗഢ് പ്രസ്ഥാനവും അതിന്റെ വൈജ്ഞാനിക സംരംഭങ്ങളും കൊളോണിയൽ കാലഘട്ടത്തിൽ മുസ്‌ലിംസ്വത്വം പ്രതിരോധിക്കാൻ നടത്തപ്പെട്ട ആത്മാർഥവും ശക്തവുമായ ഒരിടപെടൽ തന്നെയായിരുന്നു. ദൂരവ്യാപകമായ ചില സദ്ഫലങ്ങൾ അത് മുസ്‌ലിം ഇന്ത്യക്ക് സമ്മാനിക്കുകയും ചെയ്തു. ആധുനിക വിദ്യാഭ്യാസത്തെക്കുറിച്ച ശക്തമായ അവബോധം മുസ്‌ലിംകളിൽ സൃഷ്ടിച്ചതിനു പുറമെ സാംസ്കാരികമായ സ്വാംശീകരണത്തിന് അത്രയെളുപ്പം വഴങ്ങിക്കൊടുക്കാത്ത എന്തോ വിശേഷപ്പെട്ട ഒരു സംസ്കാരം തങ്ങൾക്കുണ്ട് എന്ന നേർത്ത ഒരു ബോധം മുസ്‌ലിംകളിൽ ഉണ്ടാക്കാൻ കഴിഞ്ഞതും അതിന്റെ നേട്ടമായി അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ മൂല്യനിരപേക്ഷമായ ആധുനിക വിദ്യാഭ്യാസം യാതൊരു വിവേചനബോധവും കൂടാതെ സ്വായത്തമാക്കുന്നതിലൂടെ മാത്രം ഇന്ത്യയിലെ ഹിന്ദുക്കളെയോ പാശ്ചാത്യ സമൂഹങ്ങളെയോ പോലെ സംരക്ഷിക്കപെടുന്നതാണ് മുസ്‌ലിംസ്വത്വം എന്ന അബദ്ധ ധാരണയിൽ കുടുങ്ങിയതാണ് അലീഗഢ് പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ പോരായ്മ. അതിനാൽ മുസ്‌ലിംകളുടെ ആദർശ സ്വത്വത്തെയും സവിശേഷ സംസ്കാരത്തെയും കുറിച്ച് അതിന് ചിന്തിക്കാനേ സാധിച്ചില്ല. വളരെ പെട്ടെന്നുതന്നെ സാമുദായിക സ്വത്വ രൂപീകരണത്തിലേക്കോ അതിലും മാരകമായ ഭൗതിക, നിർമത ചിന്താഗതികളിലേക്കോ വഴുതിവീഴാൻ സാധ്യതയുള്ളതായിരുന്നു അലീഗഢ് പ്രസ്ഥാനം ഉൽപാദിപ്പിച്ച ഈ സാംസ്കാരികാന്തരീക്ഷം. വളരെ വൈകാതെ അത് സംഭവിക്കുകയും ചെയ്തു. പിൽക്കാലത്ത് മുസ്‌ലിം ലീഗിന്റെ സാമുദായിക രാഷ്ട്രീയത്തിനും നിരീശ്വര നിർമത പ്രസ്ഥാനങ്ങൾക്കും ഇന്ത്യൻ മുസ്‌ലിംകളിൽ ഏറ്റവും കൂടുതൽ വേരോട്ടം ലഭിച്ചത് അലീഗഢ് സന്തതികൾക്കിടയിലായത് യാദൃഛികമല്ല. കമ്യൂണിസത്തിനെതിരെ സയ്യിദ് മൗദൂദിയെക്കൊണ്ട് ഗ്രന്ഥമെഴുതിച്ചത് അലീഗഢ് സന്തതികളെ കൂട്ടം കൂട്ടമായി കമ്യൂണിസം ആവാഹിച്ചുകൊണ്ടിരുന്നതിന്റെ സമ്മർദമാണ്.

ദയൂബന്ദിലെ ദാറുൽ ഉലൂമും അതിൽനിന്ന് ഊർജം സ്വീകരിച്ച ജംഇയ്യത്തുൽ ഉലമായെ ഹിന്ദുമായിരുന്നു കൊളോണിയൽ കാലഘട്ടത്തിലെ മറ്റൊരു പ്രധാന പ്രതിരോധ സംരംഭം. തീർച്ചയായും ആത്മാർഥതയും മതബോധവും വേണ്ടതിലധികമുള്ള പണ്ഡിതന്മാരാണ് അതിന് നേതൃത്വം നൽകിയത്. ഇന്നത്തെ പല മതപണ്ഡിതന്മാരെയും പോലെ പണക്കൊതിയുടെയോ പ്രശസ്തിമോഹത്തിന്റെയോ നേരിയ ലാഞ്ഛന പോലും സ്പർശിക്കാത്തവരുമായിരുന്നു അവർ. പക്ഷേ പുതിയ കാലത്തെയോ അതിന്റെ വൈജ്ഞാനിക-ദാർശനിക പദ്ധതികളെയോ അഭിമുഖീകരിക്കാൻ കെൽപില്ലാത്ത പരമ്പരാഗത മതവിജ്ഞാനങ്ങളുടെ പുനരുജ്ജീവനം കൊണ്ട് മുസ്‌ലിം സ്വത്വം സംരക്ഷിക്കപ്പെടും എന്ന മൂഢധാരണയാണ് അവരുടെ രാഷ്ട്രീയത്തെയും കാഴ്ചപ്പാടുകളെയും രൂപപ്പെടുത്തിയത്. പുതിയ കാലഘട്ടവും അതിന്റെ ദാർശനിക പദ്ധതികളും ദൈവവിശ്വാസത്തിനും മതബോധത്തിനും എതിരെ ഉയർത്തുന്ന സന്ദേഹങ്ങളെയും സംശയങ്ങളെയും ദൂരീകരിക്കാൻ അവർ സംരക്ഷിക്കാൻ ശ്രമിച്ച ഈ മതവിജ്ഞാനത്തിന് കെൽപുണ്ടായിരുന്നില്ല. എന്നു മാത്രമല്ല ഇതര സംസ്കാരങ്ങളെയും തനിമകളെയും നിശ്ശബ്ദം സ്വാംശീകരിച്ച് ഇല്ലാതാക്കാൻ കെൽപുള്ള ദേശീയതയിൽ ഉൾച്ചേർന്നിട്ടുള്ള ഏകാത്മക സംസ്കാര വാസനയെ തിരിച്ചറിയാൻ പോലും അതിന്റെ വക്താക്കൾക്ക് കഴിഞ്ഞില്ല എന്നത് സ്വത്വ സ്വംരക്ഷണത്തെക്കുറിച്ച അവരുടെ കാഴ്ചപ്പാടിന്റെ പരിമിതിയാണ് ബോധ്യപ്പെടുത്തിയത്. *മസ്അലെ ഖൗമിയത്ത്* (ദേശീയതയുടെ പ്രശ്നം) എന്ന പ്രൗഢമായ പ്രബന്ധത്തിൽ ദേശീയതയിൽ ഉൾച്ചേർന്നു കിടക്കുന്ന ഏകാത്മക സംസ്കാര വാസനയെ നിശിതമായി നിരൂപണം ചെയ്യാൻ മൗദൂദിയെ പ്രേരിപ്പിച്ച പശ്ചാത്തലമിതാണ്. കിടയറ്റ മതപണ്ഡിത

ന്മാർ നേതൃത്വം നൽകിയിട്ടു പോലും കൊളോണിയൽ കാലഘട്ടത്തിലെ മുസ്ലിം പൊതുബോധത്തെ വലിയ അളവിൽ സ്വാധീനിക്കാൻ ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന് കഴിയാതെ പോയത് കാലഘട്ടത്തെ മനസ്സിലാക്കാൻ അതിന് സാധിക്കാതിരുന്നതുകൊണ്ട് മാത്രമാണ്.

സർവേന്ത്യാ മുസ്ലിം ലീഗിന്റെ സാമുദായിക രാഷ്ട്രീയവും അതിന്റെ ആത്യന്തിക ഫലമായ ദ്വിരാഷ്ട്രവാദവുമാണ് ദൂരവ്യാപകമായ പ്രത്യാഘാതമുളവാക്കിയ മറ്റൊരു പ്രധാന പ്രതിരോധ സംരംഭം. അതിന്റെ പിറകിൽ പ്രവർത്തിച്ചവരും ആത്മാർഥത ഒട്ടും കുറവുള്ളവരായിരുന്നില്ല. ആ മതപണ്ഡിതന്മാരെ അപേക്ഷിച്ച് കുറേക്കൂടി പുതിയ കാലത്തെ വായിച്ചിരുന്നത് കൊണ്ട് കോൺഗ്രസ് ഉയർത്തിപ്പിടിച്ച ദേശീയതയിൽ ഉൾച്ചേർന്നിട്ടുള്ള ഏകാത്മക സംസ്കാരത്തിന്റെ അപകടം തിരിച്ചറിയാനും അവർക്ക് സാധിച്ചിരുന്നു. പക്ഷേ, അലീഗഢിന്റെ സാംസ്കാരിക ഉൽപന്നമായിരുന്നതിനാൽ മുസ്ലിം ലീഗിന്റെ രാഷ്ട്രീയത്തെ നിർണയിച്ചത് മുസ്ലിമിന്റെ സാമുദായിക സ്വത്വമാണ്. അവരുടെ ആദർശ സ്വത്വം അവിടെയും പൂർണമായും അവഗണിക്കപ്പെട്ടു. *മുസൽമാൻ ഔർ മൗജൂദെ സിയാസി കശ്മകശ്* (മുസ്ലിംകളും സമകാലിക രാഷ്ട്രീയ വടംവലികളും) എന്ന പ്രബന്ധ പരമ്പരയുടെ രണ്ടാം ഭാഗത്ത് മുസ്ലിം ലീഗിന്റെ സാമുദായിക രാഷ്ട്രീയത്തെ സയ്യിദ് മൗദൂദി നിശിതമായി നിരൂപണം ചെയ്യുന്നുണ്ട്. മുസ്ലിം സ്വത്വമെന്നാൽ വർഗീയ വിഘടനവാദപരമാണെന്ന ധാരണ പൊതുബോധത്തിൽ ഉറപ്പിക്കപ്പെട്ടതിനു പുറമെ സ്വത്വ സംരക്ഷണത്തിന്റെ പേരിൽ നേടിയെടുത്ത കഷ്ണത്തിൽ പോലും ഇസ്ലാമിക സ്വത്വം അന്യവത്കരിക്കപ്പെടുകയും ചെയ്തുവെന്നതാണ് മുസ്ലിം ലീഗ് കൈക്കൊണ്ട പ്രതിരോധ നടപടികളുടെ ആത്യന്തിക ഫലം. മുസ്ലിം ലീഗിന്റെ സാമുദായിക സ്വത്വ രാഷ്ട്രീയത്തിന് മുസ്ലിംകളെ ഒന്നിച്ചു നിർത്താൻ കഴിയില്ലെന്ന് ബംഗ്ലാദേശിന്റെ രൂപീകരണത്തോടെ കൂടുതൽ തെളിയുകയും ചെയ്തു.

ഭിന്ന വിരുദ്ധവും ദിശാബോധം നഷ്ടപ്പെട്ടതുമായ ഇത്തരം സ്വത്വസംരക്ഷണ മുറവിളികളാൽ കൊളോണിയൽ ഇന്ത്യയിലെ മുസ്ലിംരാഷ്ട്രീയം സംഘർഷഭരിതമായ ചരിത്ര സന്ദർഭത്തിലാണ് മുസ്ലിം സ്വത്വം വർഗീയമോ സാമുദായികമോ അല്ലെന്നും ആദർശപരം മാത്രമാണെന്നുമുള്ള വിവേകത്തിന്റെ ശബ്ദം സയ്യിദ് അബുൽ അഅ്ലാ മൗദൂദി ഉയർത്തിയത്. മുസ്ലിംകൾ സ്വത്വ പ്രതിസന്ധി നേരിടുന്നുണ്ടെങ്കിൽ അതിന് കാരണം കൊളോണിയൽ കടന്നാക്രമണം മാത്രമല്ലെന്നും മറിച്ച് തങ്ങളുടെ യഥാർഥ സ്വത്വത്തെക്കുറിച്ച തിരിച്ചറിവ് എവിടെയോ വെച്ച് മുസ്ലിംകൾക്ക് കൈമോശം വന്നതുകൊണ്ട് കൂടിയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനാൽ നഷ്ടപ്പെട്ട ഇസ്ലാമിക സ്വത്വത്തിന്റെ വീണ്ടെടുപ്പ് മാത്രമാണ് കൊളോണിയൽ കടന്നാക്രമണത്തിൽനിന്ന് മുസ്ലിം സ്വത്വത്തെ പ്രതിരോധിക്കാനുള്ള ഏക മാർഗമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. കാലത്തോട് സംവദിക്കാൻ കഴിയാത്ത ചില പരമ്പരാഗത മതവിജ്ഞാനീയങ്ങൾ ചിറ കെട്ടി സംരക്ഷിച്ചാൽ ഇസ്ലാമിക സംസ്കാരം പ്രതിരോധിക്കപ്പെടുമെന്ന മൂഢധാരണയിൽ ദേശീയതയുടെ ഏകാത്മക സംസ്കാരത്തിൽ അലിഞ്ഞു ചേർന്നതുകൊണ്ടോ മുസ്ലിംകൾ വർഗീയമായി സംഘടിച്ചതുകൊണ്ടോ ഇസ്ലാമിക സ്വത്വത്തിന്റെ വീണ്ടെടുപ്പ് സാധ്യമല്ലെന്നും ജനങ്ങൾക്ക് വേണ്ടി നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്ന ഉത്തമ സമുദായം എന്ന് ഖുർആൻ വിഭാവന ചെയ്തതും പ്രവാചകനും അനുചരന്മാരും മാതൃക കാണിച്ചുതന്നതുമായ അവരുടെ യഥാർഥ നിലയുടെ പുനഃസ്ഥാപനത്തിലൂടെ മാത്രമേ അത് സാധ്യമാകൂ എന്നും അദ്ദേഹം സമർഥിച്ചു. ഇന്ത്യയിൽ ഇസ്ലാമിന്റെ ശരിയായ പ്രതിനിധാനം എന്ത് എന്ന ചോദ്യത്തിന് ഇന്ത്യൻ മുസ്ലിംകളുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട വ്യക്തവും ദിശാബോധത്തോടുകൂടിയതുമായ ഒരു രാഷ്ട്രീയ അജണ്ടയായിരുന്നു ഇത്. വിവേകത്തേക്കാൾ വികാരത്തിന് മേൽക്കൈ ലഭിച്ച അന്നത്തെ സാഹചര്യത്തിൽ ഈ ശബ്ദം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. തീരെ ശ്രദ്ധിക്കപ്പെട്ടില്ല എന്നല്ല. ശ്രദ്ധിക്കപ്പെട്ടതിന്റെ സാക്ഷ്യമാണ് ജമാഅത്തെ ഇസ്ലാമി എന്ന സംഘടന നിലവിൽ വന്നത്. സയ്യിദ് മൗദൂദി സമർപ്പിച്ച ഈ രാഷ്ട്രീയ അജണ്ടയെ മറ്റു വീക്ഷണക്കാർ രാഷ്ട്രീയമായി നേരിടുന്നതിനു പകരം മതപരമായി നേരിട്ടതും ഈ ശബ്ദം അന്ന് വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട്. മുസ്ലിം ലീഗിന്റെയും കോൺഗ്രസ്സിന്റെയും ചിറകിന്നടിയിലോ ചിറകായോ വർത്തിച്ച മതപണ്ഡിതന്മാർ സയ്യിദ് മൗദൂദിക്കെതിരെ ഇറക്കിയ കുഫ്ർ ഫത്വകളുടെ പിന്നിൽ അൽപം പോലും മതം ഉണ്ടായിരുന്നില്ല. ശുദ്ധ രാഷ്ട്രീയ ഫത്വകളായിരുന്നു അത്.

ഇന്ത്യൻ മുസ്ലിംകളുടെ സ്വത്വ സംരക്ഷണ ശ്രമങ്ങളുടെ ഈ ചരിത്രാനുഭവം വിശകലനം ചെയ്തത്, ഇസ്ലാമിക സമൂഹത്തിനകത്ത് പുതുതായി ശ്രദ്ധ നേടിക്കൊണ്ടിരിക്കുന്ന ചില സ്വത്വ സംരക്ഷണ അതിവാദങ്ങളുടെയും പരീക്ഷണങ്ങളുടെയും അപകടം ബോധ്യപ്പെടുത്താൻ കൂടിയാണ്. പുതിയ കാലത്ത് സാമ്രാജ്യത്വം പൊതുവിലും ഇന്ത്യനവസ്ഥയിൽ ഫാഷിസം വിശേഷിച്ചും ഇസ്ലാമിക സ്വത്വത്തിന് കടുത്ത വെല്ലുവിളികൾ ഉയർത്തുന്നുവെന്ന കാര്യത്തിൽ സംശയമില്ല. സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും മുഖ്യ ഉന്നം ഇപ്പോൾ മുസ്ലിംകളും ഇസ്ലാമും ആണ് എന്നതാണ് അതിനു കാരണം. അതിന്റെ സ്വാഭാവിക വികാരം നമ്മിലുണ്ടാക്കുകയും ചെയ്യും. എന്നാൽ ഈ വികാരത്തിനിടയിലും മറന്നു പോകാൻ പാടില്ലാത്ത ഒന്നുണ്ട്. സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും ശത്രു മുസ്ലിംകൾ മാത്രമല്ല എന്നതാണത്. തനത് സംസ്കാരവും ജീവിതരീതിയുമുള്ള എല്ലാ വിഭാഗങ്ങളും സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും ശത്രുവാണ്. ബഹുസ്വരങ്ങളെ അടിച്ചമർത്തി എല്ലാവരെയും ഒറ്റ സംസ്കാരത്തിലേക്ക് ബലാൽക്കാരം ഉദ്ഗ്രഥിപ്പിക്കുക എന്നത് സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും ഐഡിയോളജിയാണ്. അതിനാൽ എത്ര ഭീഷണമായ സ്വത്വ പ്രതിസന്ധിക്ക് നടുവിലും മുസ്ലിംകളുടെ അതിജീവന അജണ്ട ഒരിക്കലും തങ്ങളിലേക്ക് മാത്രമായി ചുരുങ്ങിപ്പോകാൻ പാടില്ലാത്തതാണ്. ഭൂതകാല ചരിത്രാനുഭവങ്ങളിൽനിന്ന് നാം പഠിക്കേണ്ട പാഠവും അതാണ്. ജനങ്ങൾക്ക് വേണ്ടിയുള്ള ഉത്തമ സമുദായം എന്നതാണ് മുസ്ലിം സ്വത്വ വികാസത്തിന്റെ പൂർണതയെങ്കിൽ മത, ജാതി പരിഗണനകൾക്കതീതമായി സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും ഭീഷണി നേരിടുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയുംവിധം നമ്മുടെ രാഷ്ട്രീയ അജണ്ട വിശാലമായേ പറ്റൂ. അത്തരമൊരു അജണ്ടയിൽ തിരിച്ചടി, പ്രത്യാക്രമണം തുടങ്ങിയ വർത്തമാനങ്ങൾക്കൊന്നും യാതൊരു ഇടവുമില്ല. അടിച്ചാൽ തിരിച്ചടിക്കുക, അക്രമിക്കപ്പെട്ടാൽ ചെറുത്തുനിൽക്കുക തുടങ്ങിയവ മനുഷ്യന്റെ മാത്രമല്ല ജന്തുക്കളുടെ പോലും നൈസർഗിക ചോദനകളാണ്. പക്ഷേ, മനുഷ്യനാകുമ്പോൾ അടിച്ചാൽ തിരിച്ചടിക്കുന്നത് പോലെ തന്നെ ചിലപ്പോൾ തിരിച്ചടിക്കാതിരിക്കുന്നതും കരുത്തും മാന്യതയുമാകും. തിരിച്ചടിയിലെ ശക്തിയും ദൗർബല്യവുമൊക്കെ ആപേക്ഷികമാണെന്ന് ചുരുക്കം. ഇത്തരം നിസ്സാര ചോദനകളെ സിദ്ധാന്തവത്കരിക്കാൻ മനുഷ്യരാശിയുടെ മോചനം സ്വപ്നം കാണുന്ന ഒരു

പ്രത്യയശാസ്ത്രത്തെയും അതിന്റെ സങ്കേതങ്ങളെയും ഉപകരണമാക്കുന്നതിലെ അനീതിയാണ് തിരിച്ചറിയപ്പെടേണ്ടത്. അക്രമത്തിനും അനീതിക്കുമെതിരെയുള്ള സന്ധിയില്ലാ പോരാട്ടമായ ജിഹാദിനെ തിരിച്ചടിയായും ഒളിയാക്രമണമായും ന്യൂനീകരിക്കുന്നത് അവയുടെ വിശാല മാനങ്ങളെക്കുറിച്ച സാമാന്യധാരണ പോലും ഇല്ലാത്തതുകൊണ്ടാണ്. സാമ്രാജ്യത്വത്തിനും ഫാഷിസത്തിനുമെതിരെ പോരാടുക (ജിഹാദ്) എന്ന് പറയുന്നതിന്റെ അർഥം ഏതെങ്കിലും സാമ്രാജ്യത്വവാദിയെയോ ഫാഷിസ്റ്റിനെയോ കാണാമറയത്ത് പിടികൂടി കൊല്ലുകയല്ല. ഇങ്ങനെ ഒന്നോ രണ്ടോ പേരെ ഇരുട്ടിന്റെ മറവിൽ കൊലപ്പെടുത്തിയാൽ ഒഴിഞ്ഞുപോകുന്നതല്ല സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും ഭീഷണി. അവരുടെ ആക്രമണ പദ്ധതികൾക്കെതിരെ ജനകീയ പ്രക്ഷോഭത്തിലൂടെ പൊതുജനാഭിപ്രായം ഉയർത്തിക്കൊണ്ടുവരലാണ് യഥാർഥ ജിഹാദ്. ഇറാനിലടക്കം സാമൂഹിക മാറ്റങ്ങൾക്ക് കാരണമായ ജനകീയ പ്രക്ഷോഭങ്ങളെക്കുറിച്ചറിയാവുന്നവർ ആരും പോരാട്ടം വാളും ബോംബും കൊണ്ടേ പറ്റൂ എന്ന് പറയില്ല. സാമ്രാജ്യത്വത്തെയും ഫാഷിസത്തെയും അതിന്റെ ഐഡിയോളജിയെ പറ്റി അറിയാത്തവർ പോലും വെറുക്കുന്നത് അതിന്റെ പ്രവർത്തന പദ്ധതി ഹിംസയായതുകൊണ്ടാണ്. സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും അന്ധമായ ആക്രമണം കൊണ്ടുണ്ടായ ഒരു ഫലമെന്ന് പറയാവുന്നത് ആക്രമണവിരുദ്ധമായ ഒരു പൊതുബോധത്തെ വളർത്തിയെന്നതാണ്. അതിനാൽ ഹിംസക്കെതിരായ ചെറുത്തുനിൽപായാൽ പോലും അത് സമാധാന ഭംഗമുണ്ടാക്കുന്നതും രക്തച്ചൊരിച്ചിലിന് ഇടം നൽകുന്നതുമായാൽ ഈ പൊതുബോധം സഹിക്കില്ല. ഫാഷിസ്റ്റുകളുടെ ആക്രമണവും പ്രതികരണക്കാരുടെ തിരിച്ചടിയും ഒരുപോലെയാണെന്ന നിരീക്ഷണം വസ്തുനിഷ്ഠമല്ലെങ്കിലും പലരും അങ്ങനെ കരുതുന്നത് ഈ പൊതുബോധത്തിന്റെ സ്വാധീനമാണ് കാണിക്കുന്നത്. ഹിംസ കൊണ്ടുണ്ടായിത്തീരുന്ന ഇത്തരം പൊതുബോധത്തെ നന്നായി മനസ്സിലാക്കിയതുകൊണ്ടാണ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കടപുഴക്കാൻ ഗാന്ധിജി അഹിംസയെ ആയുധമാക്കിയത്. ഗാന്ധിജിയെ പോലെ അഹിംസയെ ഒരു പ്രത്യയശാസ്ത്രമാക്കുന്നതിന് പല പരിമിതികളും ഉണ്ടെങ്കിലും ഒരു നയമായി സ്വീകരിക്കുന്നതിന് പുതിയ കാലത്ത് വളരെയധികം പ്രസക്തിയുണ്ട്. ഗാന്ധിജിയുടെ അഹിംസയെ ഇസ്‌ലാമിസ്റ്റുകൾക്ക് കർമ്മമാതൃകയാക്കാം എന്ന് ഡോ. യൂസുഫുൽ ഖറദാവി പറഞ്ഞതായി വായിച്ചതോർക്കുന്നു.

ഫാഷിസത്തിന്റെ ആക്രമണങ്ങൾക്കെതിരെ തുല്യനാണയത്തിൽ തിരിച്ചടിക്കുന്നതിൽ ഇന്ത്യൻ അവസ്ഥയിൽ വേറെയും പ്രശ്നങ്ങളുണ്ട്. ഫാഷിസത്തിന് യഥാർഥത്തിൽ മതമില്ലെങ്കിലും ആളെക്കൂട്ടാൻ ഇന്ത്യൻ ഫാഷിസ്റ്റുകൾ ഹിന്ദുമതത്തെ തങ്ങളോട് ചേർത്തുവെച്ചിട്ടുണ്ട്. സംഘ്ഭീകരർ പ്രതിനിധാനം ചെയ്യുന്ന ഹിന്ദുത്വ പരികൽപനയിൽ ദലിതർ, ആദിവാസികൾ തുടങ്ങിയ കീഴാളർക്കൊന്നും ഇടമില്ല. പക്ഷേ, താൽക്കാലിക രാഷ്ട്രീയ നേട്ടത്തിനു വേണ്ടി ഫാഷിസ്റ്റുകൾ അവർക്കെല്ലാം ഹിന്ദുമതത്തിന്റെ പുറംപോക്കിൽ സ്ഥാനം നൽകിയിട്ടുണ്ട്. കൊല്ലാനും മുദ്രാവാക്യം വിളിക്കാനുമാണ് ഹിന്ദുത്വർ കാര്യമായി അവരെ ഉപയോഗിക്കുന്നത്. ഗുജറാത്തിലെ മുസ്‌ലിം വംശഹത്യക്ക് ആദിവാസികൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടത് വളരെയധികം ചർച്ച ചെയ്യപ്പെട്ടതാണ്. കേരളത്തിൽ പോലും സംഘ്പരിവാർ ആക്രമണത്തിൽ പ്രതികളാക്കുന്നവരുടെ ജാതി നോക്കിയാൽ ഈ സംഘ്പരിവാർ തന്ത്രം തിരിച്ചറിയപ്പെടാതെ പോകുകയില്ല. അതിനാൽ തിരിച്ചടിക്കിരയാകുന്നതും അവർതന്നെ. ഫാഷിസത്തിനെതിരായ പോരാട്ടത്തിൽ അണിചേരേണ്ട ഈ വിഭാഗങ്ങളിലും വർഗീയ വിദ്വേഷവും വിഭാഗീയ ചിന്തയും ശക്തിപ്പെടുത്താനും സംഘ്പരിവാർ ഉപകരണമാകുന്നതിലെ ബുദ്ധിശൂന്യതയെ കുറിച്ച് ഒരു കാലത്തും അവർക്ക് വീണ്ടുവിചാരം ഉണ്ടാകാതിരിക്കാനും മാത്രമേ ഇത്തരം തിരിച്ചടി ഉപകരിക്കൂ എന്ന് തിരിച്ചടി സിദ്ധാന്തത്തിന്റെ പിറകിലെ തിങ്ക് ടാങ്കുകൾക്കെങ്കിലും മനസ്സിലാകേണ്ടതല്ലേ? ■